File No.FWLD-A1/34/2019-FWLD

8617
14/5/19

'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ പരിധിയിൽ അനധികൃതമായി തടിമില്ലുകളും പീലിംഗ് യൂണിറ്റുകളും പ്രവർത്തിച്ചത് തടയുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി - സർവ്വശ്രീ.എസ്.ജയശങ്കർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സി.ശശികുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട. ) എന്നിവർ സമർപ്പിച്ച ഹർജികൾ പരിഗണിച്ച് കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.145/2019/വനം  തിരുവനന്തപുരം, തീയതി, 09/04/2019

---

പരാമർശം:- 1 15.05.2010-ലെ ബി1 - 5699/2008 നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

2 19.04.2012-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്.എം.ഐ.എസ്)-ന്റെ ബി1-5699/2008 നമ്പർ നടപടി ഉത്തരവ്

3 01.02.2013-ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി1-5699/2008 നമ്പർ നടപടി ഉത്തരവ്

4 16.08.2014-ലെ സ.ഉ.(സാധാ.) നം. 377/14/വനം

5 04.12.2018 തീയതിയായി സർവ്വശ്രീ.സി.ശശികുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട.), ജയശങ്കർ.എസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച ഹർജികൾ

6 16.01.2019, 05.03.2019 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ ബി1-5699/2008 നമ്പർ കത്തുകൾ

## ഉത്തരവ്

സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ പരിധിയിൽ അനധികൃതമായി തടിമില്ലുകളും പീലിംഗ് യൂണിറ്റുകളും പ്രവർത്തിച്ചതുമായി ബന്ധപ്പെട്ട് 29.10.2007-ൽ വയനാട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തി ലഭ്യമാക്കിയ റിപ്പോർട്ടിലെ ശുപാർശ അനുസരിച്ച് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.എസ്.ജയശങ്കർ, സി.ശശികുമാർ എന്നിവർക്ക് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം തീർപ്പാക്കുകയും ചെയ്തിരുന്നു. ടിയാന്മാരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലപ്രാബല്യമില്ലാതെ 4 മാസത്തേയ്ക്ക് തടഞ്ഞുകൊണ്ടാണ് അച്ചടക്ക നടപടി തീർപ്പാക്കിയത്.

2) മേൽ ഉത്തരവിനെതിരെ ശ്രീ.എസ്. ജയശങ്കർ സമർപ്പിച്ച അപ്പീൽ പരിഗണിച്ച് ശിക്ഷയിൽ ഇളവ് വരുത്തി പരാമർശം (3) പ്രകാരം 'സെൻഷർ' നൽകുകയും തുടർന്ന് ടിയാൻ സർക്കാർ മുൻപാകെ സമർപ്പിച്ച അപ്പീൽ പരാമർശം (4) പ്രകാരം നിരസിച്ചുത്തരവാകുകയും ചെയ്തു.

3) ടി രണ്ടു ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ ശിക്ഷകൾ പുനഃപരിശോധിക്കുന്നതിന് പരാമർശം (5) പ്രകാരം സർക്കാരിൽ ഹർജികൾ സമർപ്പിച്ചു. വിജിലൻസ് പരിശോധന നടത്തിയ വേളയിൽ ടി ഉദ്യോഗസ്ഥർ ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ചാഫീസറായിട്ടാണ് സേവനമനുഷ്ഠിച്ചിരുന്നതെന്നും ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ചാഫീസറെ സംബന്ധിച്ചിടത്തോളം വന സംരക്ഷണവുമായി ബന്ധപ്പെട്ട് ടെറിട്ടോറിയൽ സ്റ്റാഫിനെ സഹായിക്കുക എന്നുള്ള ഉത്തരവാദിത്വമാണ് മുഖ്യമായിട്ടുള്ളതെന്നും കൂടാതെ അനധികൃത സാമില്ല്/പീലിംഗ് യൂണിറ്റുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും ടി വസ്തുതകൾ പരിഗണിച്ച് അച്ചടക്ക നടപടിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണമെന്നും ടിയാന്മാർ അപേക്ഷിച്ചു. പ്രസ്തുത ഹർജികൾ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് അഡീഷണൽ

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (6) പ്രകാരം അഭിപ്രായപ്പെട്ടു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ടി ഉദ്യോഗസ്ഥർ ഉന്നയിച്ച വാദഗതികൾ അച്ചടക്ക നടപടി തീർപ്പാക്കുന്ന വേളയിൽ പരിഗണിച്ചിരുന്നില്ലായെന്ന് കണ്ടെത്തി. ശ്രീ.ശശികുമാറും ശ്രീ.ജയശങ്കറും അച്ചടക്ക നടപടിയ്ക്ക് നിദാനമായ കാലഘട്ടത്തിൽ ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായാണ് സേവനമനുഷ്ഠിച്ചിരുന്നത്. ആരോപിക്കപ്പെട്ട കുറ്റകൃത്യത്തിനെതിരെ നടപടി സ്വീകരിക്കേണ്ട പ്രാഥമിക ഉത്തരവാദിത്തം ബന്ധപ്പെട്ട ടെറിട്ടോറിയൽ സ്റ്റാഫിനാണ്. ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ സംബന്ധിച്ച് ജോലി എന്നത് വന സംരക്ഷണവുമായി ബന്ധപ്പെട്ട് ടെറിട്ടോറിയൽ ജീവനക്കാരെ സഹായിക്കുക എന്നത് മാത്രമാണ്. അപ്പീൽ സമർപ്പിക്കുവാൻ കാലതാമസം നേരിട്ടു എന്നത് ഒരു വസ്തുതയാണെങ്കിലും ഇരുവരും നിരപരാധികളാണ് എന്നത് അവഗണിക്കാനാവില്ലാത്തതിനാൽ സർവ്വശ്രീ.എസ്.ജയശങ്കർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സി.ശശികുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട.) എന്നിവരെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ്.പ്രവീൺ

ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സി.ശശികുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട.),

ശ്രീ.ജയശങ്കർ.എസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BIJI K
Date: 2019.04.09
12:02:38 IST
Reason: Approved

സെക്ഷൻ ഓഫീസർ